Reg. No. : ...............................

# FY 549

Name : .......................................

# FIRST YEAR HIGHER SECONDARY MODEL EXAMINATION, FEBRUARY 2025

## Part – III

# ACCOUNTANCY WITH ANALYSIS OF FINANCIAL STATEMENTS

**Maximum : 80 Scores**

Time : 2½ Hours

Cool-off Time : 15 Minutes

***General Instructions to Candidates :***

- *There is a 'Cool off time' of 15 minutes in addition to the writing time.*
- *Use 'cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Calculations, figures and graphs should be shown in the answer sheet itself.*
- *Malayalam version of the questions is also provided.*
- *Give equations wherever necessary.*
- *Electronic devices except non programmable calculators are not allowed in the Examination Hall.*

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിട്ട് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

Score

**1 മുതൽ 10 വരെയുള്ള ഏതെങ്കിലും എട്ട് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോന്നിനും 1 സ്കോർ വീതം.** **(8×1=8)**

1. ചുവടെ കൊടുത്തിട്ടുള്ളവയിൽ ശരിയല്ലാത്തത് ഏത് ?
   a) ആസ്തികളിലെ വർദ്ധനവ് ഡെബിറ്റ് ആണ്
   b) ബാധ്യത കുറയുന്നത് ഡെബിറ്റ് ആണ്
   c) ചെലവുകളുടെ വർദ്ധനവ് ക്രെഡിറ്റ് ആണ്
   d) മൂലധനത്തിലെ വർദ്ധനവ് ക്രെഡിറ്റ് ആണ്

2. വ്യക്തിഗത ഉപയോഗത്തിനായി ബിസിനസിൽ നിന്ന് ഉടമസ്ഥൻ പണമോ സാധനങ്ങളോ പിൻവലിക്കുന്നതിനെ __________ എന്ന് അറിയപ്പെടുന്നു.

3. ചുവടെ തന്നിരിക്കുന്നവയിൽ താത്വിക തെറ്റിന് ഉദാഹരണം ഏത് ?
   a) അനുവിൽ നിന്നും സാധനങ്ങൾ വാങ്ങിയത് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല
   b) പർച്ചെയ്സെസ് ബുക്ക് കുറച്ചു കാണിച്ചിരിക്കുന്നത്
   c) കടത്തിന് മെഷിനറി വാങ്ങിയത് പർച്ചേയ്സസ് അക്കൗണ്ടിൽ ഡെബിറ്റ് ചെയ്തു
   d) അനിയിൽ നിന്നും പണം ലഭിച്ചത് അനുവിന്റെ അക്കൗണ്ടിലേക്ക് പോസ്റ്റ് ചെയ്തു

4. ഒരു ലെഡ്ജർ അക്കൗണ്ടിന്റെ മൊത്തം ഡെബിറ്റ് വശം ക്രെഡിറ്റ് വശത്തേക്കാൾ കൂടുതലാണെങ്കിൽ, ലെഡ്ജറിന്റെ ബാലൻസ് __________ ആയിരിക്കും.
   a) ഡെബിറ്റ് ബാലൻസ്
   b) സസ്പെൻസ് ബാലൻസ്
   c) ക്രെഡിറ്റ് ബാലൻസ്
   d) ഡെബിറ്റ് അല്ലെങ്കിൽ ക്രെഡിറ്റ് ബാലൻസ്

5. ചുവടെ നല്കിയിട്ടുള്ളവയിൽ ജേണൽ പ്രോപ്പറിലൂടെ രേഖപ്പെടുത്തുന്ന ഇടപാട് ഏത് ?
   a) കടത്തിലുള്ള സാധനങ്ങളുടെ വാങ്ങൽ
   b) രൊക്കം പണത്തിലുള്ള വിൽപ്പന
   c) കടത്തിലുള്ള ആസ്തികളുടെ വാങ്ങൽ
   d) രൊക്കം പണത്തിന് സാധനങ്ങൾ വാങ്ങിയത്

6. നേർരേഖാ രീതിയിൽ ഓരോ വർഷവും ഈടാക്കുന്ന മൂല്യക്ഷയത്തിന്റെ തുക
   a) തുല്യമായിരിക്കും
   b) വർദ്ധിക്കുന്നു
   c) കുറയുന്നു
   d) അതിന്റെ ആക്രി മൂല്യത്തിന് തുല്യമാണ്

Score

7. മൂലധന ചെലവുമായി ബന്ധപ്പെട്ട് ചുവടെ തന്നിട്ടുള്ളവയിൽ ശരിയല്ലാത്തത് ഏത് ?

a) ഇത് ബിസിനസ്സിന്റെ വരുമാന ശേഷി വർദ്ധിപ്പിക്കുന്നു

b) ഇത് സ്ഥിര ആസ്തികൾ വാങ്ങുന്നതിന് വേണ്ടിയുള്ളതാണ്

c) ഇത് സാധാരണയായി ആവർത്തന സ്വഭാവമുള്ളതാണ്

d) ഇതിൽ നിന്നുള്ള നേട്ടം ഒരു വർഷത്തിലധികം നീണ്ടുനിൽക്കും

8. തനത് വർഷം നൽകിയ ശമ്പളം ₹ 3,000 ഉം ഈ കാലയളവിലെ കുടിശ്ശികയുള്ള ശമ്പളം ₹ 300 ഉം ആണെങ്കിൽ ഈ വർഷത്തെ ലാഭനഷ്ട അക്കൗണ്ടിൽ കാണിക്കേണ്ട ശമ്പളത്തിന്റെ തുക _________ ആയിരിക്കും.

a) ₹ 3,300 b) ₹ 3,000

c) ₹ 300 d) ₹ 2,700

9. "വരുമാനവും ഈ വരുമാനം നേടുന്നതിനുള്ള ചെലവുകളും ഒരേ അക്കൗണ്ടിംഗ് കാലയളവിലുള്ളതായിരിക്കണം". നൽകിയിരിക്കുന്ന പ്രസ്താവനയിൽ സൂചിപ്പിച്ചിരിക്കുന്ന അടിസ്ഥാന അക്കൗണ്ടിംഗ് ആശയം ഏത് ?

10. കെ. കെ. ട്രേഡേഴ്സിന്റെ ക്യാഷ് ബുക്ക് പ്രകാരം (ബാങ്ക് കോളം) 31-12-2024 ന് ₹ 2,000 ഡെബിറ്റ് ബാലൻസ് കാണിക്കുന്നു. ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ, ബാങ്ക് ഈടാക്കിയ ഓവർഡ്രാഫ്റ്റിന്റെ പലിശ ₹ 2,500 ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. കെ. കെ. ട്രേഡേഴ്സിന്റെ 31-12-2024 ലെ ബാങ്ക് സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്ന ബാലൻസ് _________ ആയിരിക്കും.

a) ₹ 2,000 (Dr.)

b) ₹ 2,500 (Cr.)

c) ₹ 500 (Dr.)

d) ₹ 500 (Cr.)

**11 മുതൽ 16 വരെയുള്ള ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോന്നിനും 2 സ്കോർ വീതം.** **(5×2=10)**

11. താഴെ തന്നിരിക്കുന്ന അക്കൗണ്ടിംഗ് വിവരങ്ങളുടെ ഉപയോക്താക്കളെ ബാഹ്യം ആന്തരികം എന്നിങ്ങനെ ക്രമീകരിക്കുക.

ലേബർ യൂണിയനുകൾ, ചീഫ് എക്സിക്യൂട്ടീവ്, ഉപഭോക്താക്കൾ, സൂപ്പർ വൈസർമാർ

12. ജി. എസ്. ടി. യുടെ ഏതെങ്കിലും രണ്ട് ഗുണങ്ങൾ പട്ടികപ്പെടുത്തുക.

13. കരുതൽ ധനം മാറ്റിവെക്കുന്നതിനുള്ള ഏതെങ്കിലും രണ്ട് ഉദ്ദേശ്യങ്ങൾ പ്രസ്താവിക്കുക.

Score

14. "കിട്ടാനുള്ള വരുമാനം" എന്നതിനെ കുറിച്ച് ഒരു ചെറിയ കുറിപ്പ് എഴുതുക.

15. "ആസ്തികളുടെയും ബാധ്യതകളുടെയും മാർഷലിംഗ് " എന്ന ആശയം ചുരുക്കി വിവരിക്കുക.

16. ട്രയൽ ബാലൻസ് തയ്യാറാക്കുന്നതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുക. (ഏതെങ്കിലും 2 എണ്ണം).

**17 മുതൽ 22 വരെയുള്ള ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോന്നിനും 3 സ്കോർ വീതം.** **(5×3=15)**

17. വിശ്വാസ്യത അക്കൗണ്ടിംഗ് വിവരങ്ങളുടെ ഒരു പ്രധാന ഗുണപരമായ സവിശേഷതയാണ്. അക്കൗണ്ടിംഗ് വിവരങ്ങളുടെ മറ്റ് മൂന്ന് ഗുണപരമായ സവിശേഷതകൾ വിവരിക്കുക.

18. ചുവടെ നൽകിയിട്ടുള്ള പ്രസ്താവനകളിൽ പ്രതിപാദിച്ചിരിക്കുന്ന അക്കൗണ്ടിംഗ് ആശയങ്ങൾ തിരിച്ചറിയുക.
   i) ഇടപാടുകൾ അവയുടെ ഭൗതിക അളവിലല്ല മറിച്ച് അവയുടെ പണമൂല്യം കണക്കാക്കിയാണ് രേഖപ്പെടുത്തേണ്ടത്.
   ii) പ്രതീക്ഷിക്കുന്ന നഷ്ടങ്ങൾ കണക്കാക്കുകയും പ്രതീക്ഷിത ലാഭം അവഗണിക്കുകയും വേണം.
   iii) അക്കൗണ്ടിംഗ് വിവരങ്ങൾ അക്കൗണ്ടന്റിന്റെ പക്ഷപാതത്തിൽ നിന്ന് മുക്തമായിരിക്കണം.

19. ചുവടെ നൽകിയിട്ടുള്ള ഇടപാടുകളിൽ നിന്ന് അക്കൗണ്ടിംഗ് സമവാക്യം തയ്യാറാക്കുക.
   a) 80,000 രൂപയുമായി ബിസിനസ് ആരംഭിച്ചു
   b) അശോകിൽ നിന്നും 30,000 രൂപയ്ക്ക് സാധനങ്ങൾ വാങ്ങി
   c) രൊക്കം പണത്തിന് 10,000 രൂപ വിലയുള്ള സാധനം 12,000 രൂപക്ക് വിറ്റു

20. നൽകിയിട്ടുള്ള ലെഡ്ജർ ബാലൻസുകളിൽ നിന്ന് ഒരു ട്രയൽ ബാലൻസ് തയ്യാറാക്കുക.

| **അക്കൗണ്ട് ശീർഷകം** | തുക ₹ |
|---|---|
| മൂലധനം | 50,000 |
| കൈവശമുള്ള പണം | 35,000 |
| സെയിൽസ് | 40,000 |
| പർചെയ്സസ് | 35,000 |
| ഡെബ്റ്റേഴ്സ് | 30,000 |
| ക്രെഡിറ്റേഴ്സ് | 10,000 |

Score

21. താഴെ കൊടുത്തിട്ടുള്ള വിശദാംശങ്ങളിൽ നിന്ന് മൂല്യക്ഷയത്തിന്റെ തുക കണക്കാക്കുക.
മെഷിനറിയുടെ വാങ്ങൽ വില ₹ 65,000
സ്ഥാപിക്കൽ ചെലവ് ₹ 10,000
സ്ക്രാപ്പ് മൂല്യം ₹ 5,000
ആയുസ്സ് 7 വർഷം.

22. ചുവടെ നൽകിയിട്ടുള്ള സന്ദർഭങ്ങളിൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിലെ ക്ലോസിംഗ് സ്റ്റോക്കിന്റെ ക്രമീകരണം വിശദമാക്കുക.
i) ട്രയൽ ബാലൻസിൽ നൽകിയാൽ
ii) ക്രമീകരണമായി നൽകിയാൽ

**23 മുതൽ 27 വരെയുള്ള ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോന്നിനും 4 സ്കോർ വീതം.** **(4×4=16)**

23. ചുവടെ നൽകിയിട്ടുള്ളവയെ പറ്റി ഒരു ചെറിയ കുറിപ്പ് എഴുതുക.
i) GAAP
ii) അക്കൗണ്ടിംഗ് മാനദണ്ഡങ്ങൾ
iii) സ്ഥാപന തുടർച്ചാ തത്വം
iv) ഇരട്ടപതിക്കൽ അക്കൗണ്ടിംഗ് സമ്പ്രദായം

24. ചുവടെ നൽകിയിട്ടുള്ളവയ്ക്ക് ക്രമീകരിക്കൽ എൻട്രി എഴുതുക.
a) മുൻകൂറായി നൽകിയ വാടക ₹ 2,000
b) ശമ്പളം കുടിശ്ശിക ₹ 1,000
c) 800 രൂപയുടെ കിട്ടാക്കടം എഴുതിത്തള്ളുക
d) ഫർണിച്ചറിന്റെ മൂല്യക്ഷയം @ 10% (ഫർണിച്ചറിന്റെ ബുക്കിലെ മൂല്യം ₹ 20,000)

25. ചുവടെ നൽകിയിട്ടുള്ള ഇടപാടുകളെ ആരതി ട്രേഡേഴ്സിന്റെ ഉചിതമായ പ്രത്യേക ജേണലിൽ രേഖപ്പെടുത്തുക.

2024 ഡിസംബർ 1 കാർത്തിക ട്രേഡേഴ്സിന് സാധനങ്ങൾ തിരികെ നൽകി ₹ 2,000
5 ഗുപ്ത ട്രേഡേഴ്സ് സാധനങ്ങൾ തിരികെ നൽകി ₹ 3,000
12 സഫിൽ ട്രേഡേഴ്സിൽ നിന്ന് സാധനങ്ങൾ തിരികെ ലഭിച്ചത് ₹ 500
20 ഹന്ന ട്രേഡേഴ്സിന് സാധനങ്ങൾ തിരികെ നൽകി ₹ 1,000

26. ക്യാഷ് ബുക്കിലെയും പാസ് ബുക്കിലെയും ബാലൻസുകൾ തമ്മിൽ വ്യത്യാസം വരാനുള്ള നാല് കാരണങ്ങൾ രേഖപ്പെടുത്തുക.

Score

27. എംഎം എന്റർപ്രൈസസ് 2020 ജൂലൈ 01-ന് 40,000 രൂപയ്ക്ക് ഒരു മെഷിനറി വാങ്ങി, അത് സ്ഥാപിക്കുന്നതിനായി ₹ 10,000 ചെലവഴിച്ചു. 2021 ഒക്ടോബറിൽ 10,000 രൂപയ്ക്ക് മറ്റൊരു മെഷിൻ വാങ്ങി. നീക്കിയിരിപ്പ് മൂല്യ രീതിയിൽ 10% നിരക്കിലാണ് മൂല്യക്ഷയം ഈടാക്കുന്നത്. ആദ്യത്തെ മൂന്ന് വർഷത്തേക്ക് മെഷീൻ അക്കൗണ്ട് തയ്യാറാക്കുക. എല്ലാ വർഷവും മാർച്ച് 31ന് അക്കൗണ്ടുകൾ ക്ലോസ് ചെയ്യും.

**28 മുതൽ 31 വരെയുള്ള ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോന്നിനും 5 സ്കോർ വീതം.** (3×5=15)

28. അക്കൗണ്ടിംഗിന്റെ വിവിധ ലക്ഷ്യങ്ങൾ വിശദീകരിക്കുക.

29. നൽകിയിട്ടുള്ള ബാലൻസുകളിൽ നിന്നും
a) വിൽപ്പനയ്ക്ക് ലഭ്യമായ സാധനങ്ങളുടെ വില
b) വർഷത്തിൽ വിറ്റ സാധനങ്ങളുടെ വില
c) മൊത്ത ലാഭം എന്നിവ കണക്കാക്കുക.

| | ₹ |
|---|---|
| ഓപ്പണിംഗ് സ്റ്റോക്ക് | 20,000 |
| പർച്ചെയ്സെസ് | 5,00,000 |
| കടത്തിലുള്ള വില്പന | 4,00,000 |
| രൊക്കം പണത്തിലുള്ള വിൽപ്പന | 6,00,000 |
| കൂലി | 1,00,000 |
| ശമ്പളം | 50,000 |
| ക്യാരിയേജ് | 20,000 |
| ക്ലോസിംഗ് സ്റ്റോക്ക് | 60,000 |
| വില്പന മടക്കം | 20,000 |

30. ചുവടെ നൽകിയിട്ടുള്ള പിശകുകൾ തിരുത്തുക :
i) മെഷിനറിയുടെ അറ്റകുറ്റപ്പണികൾ മെഷിനറി അക്കൗണ്ടിലേക്ക് ഡെബിറ്റ് ചെയ്തത് ₹ 2,000.
ii) ലാലിൽ നിന്ന് 5,000 രൂപയ്ക്ക് കടത്തിൽ സാധനങ്ങൾ വാങ്ങിയത് രാജിന്റെ അക്കൗണ്ടിലേക്ക് പോസ്റ്റ് ചെയ്തത് ₹ 6,000.
iii) മോഹന് കടത്തിലുള്ള വില്പന കിരണിന്റെ അക്കൗണ്ടിലേക്ക് പോസ്റ്റ് ചെയ്തു ₹ 4,000
iv) 2,000 രൂപയുടെ രൊക്കം പണത്തിനുള്ള വില്പന ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
v) ബിജുവിന് 3,000 രൂപയുടെ കടത്തിലുള്ള വില്പന ₹ 300 ആയി രേഖപ്പെടുത്തി.

Score

**31.** താഴെ പറയുന്ന വിശദാംശങ്ങളിൽ നിന്ന് 31-12-2024 ലെ ക്യാഷ് ബുക്ക് പ്രകാരമുള്ള ബാലൻസ് കാണിക്കുന്ന ഒരു ബാങ്ക് അനുരഞ്ജന പ്രസ്താവന തയ്യാറാക്കുക.

a) 2,000 രൂപയുടെയും 5,000 രൂപയുടെയും രണ്ട് ചെക്കുകൾ ബാങ്കിൽ നിക്ഷേപിച്ചെങ്കിലും 2024 ഡിസംബർ മാസത്തിൽ ബാങ്കിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല.

b) ബാങ്ക് അനുവദിച്ചിട്ടുള്ള പലിശ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലാത്തത് ₹ 500.

c) നൽകിയ ചെക്കുകളിൽ ബാങ്കിൽ സമർപ്പിക്കാത്തവ ₹ 5,000.

d) ബാങ്ക് ശേഖരിച്ച ₹ 2,000 നിക്ഷേപത്തിന്റെ പലിശ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

e) പാസ് ബുക്ക് പ്രകാരമുള്ള ക്രെഡിറ്റ് ബാലൻസ് ₹ 30,000.

**32 മുതൽ 34 വരെയുള്ള ഏതെങ്കിലും 2 ചോദ്യത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 8 സ്കോർ വീതം.** **(2×8=16)**

**32.** താഴെപ്പറയുന്ന ഇടപാടുകൾ ജേണലൈസ് ചെയ്യുക.

2025 ജനുവരി

| | | |
|---|---|---|
| 01 | 40,000 രൂപയും ₹ 10,000 വിലയുള്ള ഫർണിച്ചറുകളും ₹ 20,000 വിലയുള്ള സ്റ്റോക്കും ഉപയോഗിച്ച് ബിസിനസ് ആരംഭിച്ചു | |
| 10 | കണ്ണനിൽ നിന്നും സാധനങ്ങൾ വാങ്ങി | ₹ 30,000 |
| 13 | കണ്ണന് സാധനങ്ങൾ തിരികെ നൽകി | ₹ 1,000 |
| 18 | രൊക്കം പണത്തിനുള്ള വില്പന | ₹ 25,000 |
| 20 | ബാങ്കിൽ നിക്ഷേപിച്ച പണം | ₹ 10,000 |
| 22 | ഇൻഷുറൻസ് തുക ചെക്ക് മുഖാന്തിരം നൽകി | ₹ 4,000 |
| 30 | വ്യക്തിഗത ഉപയോഗത്തിനായി സാധനങ്ങൾ എടുത്തത് | ₹ 2,000 |

**33.** ചുവടെ തന്നിട്ടുള്ള ട്രയൽ ബാലൻസിൽ നിന്ന് 2024 മാർച്ച് 31-ന് അവസാനിക്കുന്ന വർഷത്തിലെ ട്രേഡിങ്ങ് ആൻഡ് പ്രോഫിറ്റ് ആൻഡ് ലോസ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ തയ്യാറാക്കുക.

| ഇനം | തുക ₹ | ഇനം | തുക ₹ |
|---|---|---|---|
| ഫർണിച്ചർ | 10,000 | സെയിൽസ് | 90,000 |
| കൈവശമുള്ള പണം | 5,000 | കമ്മീഷൻ കിട്ടിയത് | 3,000 |
| കൂലി | 4,000 | ക്രെഡിറ്റേഴ്സ് | 10,000 |
| ക്യാരിയേജ് | 2,000 | മൂലധനം | 60,000 |
| ശമ്പളം | 6,000 | റിട്ടേൺ ഔട്ട്‌വേഡ്സ് | 5,000 |

Score

| | | | |
|---|---|---|---|
| മെഷിനറി | 35,000 | പലിശ | 500 |
| ബിൽസ് റിസീവബിൾ | 10,000 | | |
| ഡെബ്റ്റേഴ്സ് | 20,000 | | |
| പർചെയ്സസ് | 65,000 | | |
| ഇൻഷുറൻസ് | 1,000 | | |
| കിട്ടാക്കടം | 500 | | |
| വാടക | 2,000 | | |
| ഓപ്പണിംഗ് സ്റ്റോക്ക് | 8,000 | | |
| | **1,68,500** | | **1,68,500** |

**ക്രമീകരണങ്ങൾ :**

1) ക്ലോസിംഗ് സ്റ്റോക്ക് ₹ 15,000
2) കുടിശ്ശികയുള്ള കൂലി ₹ 1,000
3) അധിക കിട്ടാക്കടം ₹ 1,500
4) ഫർണിച്ചറിന്റെ മൂല്യക്ഷയം 10%

**34.** താഴെപ്പറയുന്ന ഇടപാടുകളിൽ നിന്ന് ഇരട്ട കോളം ക്യാഷ് ബുക്ക് തയ്യാറാക്കുക.

| 2025 ജനുവരി | | ₹ |
|---|---|---|
| 01 | ഓപ്പണിംഗ് ബാലൻസ് : | |
| | കയ്യിലുള്ള പണം | 30,000 |
| | ബാങ്ക് ഓവർഡ്രാഫ്റ്റ് | 5,000 |
| 02 | ബാങ്കിൽ പണം നിക്ഷേപിച്ചത് | 12,000 |
| 03 | ചെക്ക് വഴി സാധനങ്ങൾ വാങ്ങി | 6,000 |
| 06 | രൊക്കം പണത്തിലുള്ള വില്പന | 8,000 |
| 12 | ചെക്ക് മുഖാന്തിരം ലഭിച്ച കമ്മീഷൻ | 5,000 |
| 15 | ബാങ്കിൽ നിന്നും പിൻവലിച്ച തുക | 3,000 |
| 20 | മിഥുനിൽ നിന്നും കടത്തിന് സാധനങ്ങൾ വാങ്ങി | 7,000 |
| 22 | മിഥുന് പണം നൽകി | 3,000 |
| 25 | ചെക്ക് മുഖാന്തിരം വാടക നൽകി | 2,000 |
| 27 | വ്യക്തിഗത ഉപയോഗത്തിനായി ബാങ്കിൽ നിന്നും പിൻവലിച്ച തുക | 1,000 |
| 30 | ശമ്പളം നൽകി | 5,000 |